## പെസഹാ വ്യാഴം - മാർച്ച് 24, 2016

(യോഹ. 13:1-14)

**വചനസന്ദേശം: റവ. ഡോ. വർഗ്ഗീസ് പെരുമായൻ**

തനിക്കു സ്വന്തമായുള്ളവരെ യേശു അവസാനംവരെ സ്നേഹിച്ചു (യോഹ. 13:1). തന്റെ സ്വന്തമായുള്ളവരോടുള്ള യേശുവിന്റെ സനേഹത്തിന്റെ ആഴം വെളിപ്പെടുത്തപ്പെട്ട നിമിഷങ്ങളായിരുന്നു പെസഹാദിനത്തിലെ കാൽകഴുകൽ ശുശ്രൂഷയും വി. കുർബാന സ്ഥാപനവും. എല്ലാവരും യേശുവിന്റെ സ്വന്തമായിരുന്നു. തള്ളിപ്പറയാനിരുന്നവനും ഒറ്റിക്കൊടുക്കാനിരുന്നവനും ഓടിപ്പോകാനിരുന്നവരുമെല്ലാം അവന്റെ സ്വന്തമായുള്ളവരിൽപ്പെട്ടവരായിരുന്നു. അവരുടെയെല്ലാം മുമ്പിൽ മുട്ടുകുത്തി യേശു അവരുടെ കാലു കഴുകി; അവർക്കെല്ലാം അവൻ അപ്പം മുറിച്ചു നല്കി. യേശുവിന്റെ ഈ കാരുണ്യപ്രകടനത്തോടുള്ള ശിഷ്യന്മാരുടെ പ്രതികരണം വിവിധങ്ങളായിരുന്നു. എന്തൊക്കെയോ തിരിച്ചറിയുന്ന പത്രോസ് തന്റെ പാദങ്ങൾ കഴുകുന്നതിൽ നിന്നു യേശുവിനെ തടസ്സപ്പെടുത്തുന്നുണ്ട്. യേശുവിനെ ഒറ്റിക്കൊടുക്കാൻ മനസ്സിൽ തീരുമാനിച്ചിരുന്ന യൂദാസ് യാതൊരു സങ്കോചവുമില്ലാതെയാണു പാദങ്ങൾ നീട്ടിക്കൊടുത്തത്. യേശുവിന്റെ വലിയ കാരുണ്യം തിരിച്ചറിയാൻ സാധിക്കാത്തവരുടെ പ്രതിനിധിയാണു യൂദാസ്. മോഷ്ടിച്ചിരുന്ന അവനെത്തന്നെ പണസഞ്ചി ഏല്പിച്ചതും ഒറ്റിക്കൊടുക്കാൻ തീരുമാനിച്ചിരുന്ന അവനു തന്നെ ആദ്യം ദിവ്യകാരുണ്യം നല്കുന്നതും അവനെ നേടാനുള്ള യേശുവിന്റെ കാരുണ്യപ്രവൃത്തികളായിരുന്നില്ലേ? ചുംബനംകൊണ്ട് ഒറ്റിക്കൊടുത്ത വേളയിൽ  സ്നേഹിതാ  എന്ന കാരുണ്യത്തിന്റെ വിളിപോലും തിരിച്ചറിയാൻ യൂദാസിന്റെ മരവിച്ച മനഃസാക്ഷിക്കു സാധിച്ചില്ല.
ദൈവത്തെപ്പോലെ കരുണയുള്ളവരാകുക എന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണു ദൈവവും മറ്റുള്ളവരും നമ്മുടെ നേർക്കു കാണിക്കുന്ന കാരുണ്യം തിരിച്ചറിയുക എന്നുള്ളത്. എന്നും മദ്യപിച്ചു വന്നു ബഹളം വയ്ക്കുന്ന  ഭർത്താവിനോട് ആദരവോടെ മാത്രം പെരുമാറുന്ന  ഭാര്യയുടെ കാരുണ്യവും കുത്തുവാക്കും പരാതിയും മാത്രം സമ്മാനിക്കുന്ന അമ്മായിയമ്മയെ വാത്സല്യത്തോടെ ശുശ്രൂഷിക്കുന്ന മരുമകളുടെ കാരുണ്യവും മയക്കുമരുന്നിനടിമയായ മകന്റെ മാനസാന്തരത്തിനായി ധ്യാനകേന്ദ്രങ്ങളിലും നൊവേനപ്പള്ളികളിലും ഓടിനടക്കുന്ന മാതാപിതാക്കളുടെ കാരുണ്യവുമെല്ലാം തിരിച്ചറിയപ്പെടാതെ പോകുന്നില്ലേ? ഈ കാരുണ്യമനോഭാവം പ്രതികരണശേഷിയില്ലയ്മയായും നട്ടെല്ലിന്റെ അഭാവമായുമെല്ലാം ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നില്ലേ? നമ്മുടെ മാനസാന്തരത്തിനായി കണ്ണുനീരുകൊണ്ടു നമ്മുടെ പാദം കഴുകുന്നവരുടെ കാരുണ്യം എത്രനാൾ കണ്ടില്ലെന്നു നമുക്കു നടിക്കാനാകും? അർഹിക്കാത്ത സ്നേഹമെല്ലാം കാരുണ്യമാണെന്നു തിരിച്ചറിയാനുള്ള  വരത്തിനായി പ്രാർത്ഥിക്കാം.